LIBRARY ARCHIVES Kerala Legislative Assembly

## പുതുതായി രൂപീകരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

**250 (1622)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) അതിൽ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ ജില്ലാതലത്തിൽ എത്രവീതമെന്ന് വിശദമാക്കാമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അധിക ബാധ്യത സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതുതായി ഒരു കോർപ്പറേഷനും 32 മുനിസിപ്പാലിറ്റികളും 69 ഗ്രാമപഞ്ചായത്തുകളും രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പുതിയ മുനിസിപ്പാലിറ്റികളും കോർപ്പറേഷനും രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) കണക്കാക്കിയിട്ടില്ല.

## വീട്ടുകരം

**251 (1623)** ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിമുക്ത ഭടൻമാർക്ക് അനുവദിച്ചു നൽകിയിട്ടുള്ള വീട്ടുകരം ഒഴിവിനെ സംബന്ധിച്ച വ്യവസ്ഥകൾ വ്യക്തമാക്കാമോ ;

(ബി) പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒരേ തരത്തിലല്ല ആയതു നടപ്പിലാക്കിയിരിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കാൻ സന്നദ്ധമാകുമോയെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.